# കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

## പുനർ ദർഘാസ് പരസ്യം

എ ഇ (3) 1176 / 2021 തീയതി : 18/ 01/ 2022

കേരള ഗവർണ്ണർക്കു വേണ്ടി തിരുവനന്തപുരം കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാർ / ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്ര വച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിൻറെ പുറത്ത് പ്രവൃത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 28/01/2022 ഉച്ചക്ക് 2 .30 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3 .00 - നു ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാ മൂലം അധികാരപ്പെടുത്തുന്ന ഏജൻറുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ദർഘാസ് ഫോറത്തിന്റെ വില | നിരത ദ്രവ്യം | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|
| 1 | RKVY 2021-22- Modernisation of existing seed storage infrastructure facilities by Ceramic Tile Flooring and Supplying Of Plastic Pallet Raised Plat forms in State seed Farm, Chirayinkeezhu, Thiruvananthapuram | Rs. 2,19,322/- (Excluding GST) | Rs. 500/- | Rs.5,500/- | 2 months |

ദർഘാസ് ഷെഡ്യൂൾ തിരുവനന്തപുരം ആനയറയിലുള്ള കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്നും അന്നേ ദിവസം 1 .00 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ദർഘാസ് പ്രമാണം അംഗീകൃത കരാറുകാർക്ക് മാത്രം നൽകുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തിരുവനന്തപുരം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം 200 /- രൂപ മുദ്രപ്പത്രത്തിൽ പ്രിലിമിനറി എഗ്രിമെൻറ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ ദർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കൃഷി) തിരുവനന്തപുരം

കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം
തിരുവനന്തപുരം
Email: aeeagritvm@gmail.com